പതിമൂന്നാം കേരള നിയമ സഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1161 13.06.2013 ൽ മറുപടിയ്ക്ക്

<u>അളവു തൂക്ക ഉപകരണങ്ങളുടെ കൃത്യത</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ) അളവു തൂക്ക ഉപകരണങ്ങളുടെ കൃത്യതയും ഉപഭോക്താവിന്റെ അവകാശവും സംരക്ഷിക്കുവാൻ ലീഗൽ മെട്രോളജി വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) കേന്ദ്രസർക്കാർ പാസ്സാക്കിയ 2009 ലെ ലീഗൽ മെട്രോളജി ആക്റ്റും 2011 ലെ ലീഗൽ മെട്രോളജി (ജനറൽ) റൂൾസും നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത standard കളിൽ ഉള്ള അളവു തൂക്ക ഉപകരണങ്ങൾ മാത്രമേ സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള ഉപകരണങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തുകയും നിയമ വിരുദ്ധമായിട്ടുള്ളവ പിടിച്ചെടുത്ത് നിയമ നടപടി സ്വീകരിച്ച് ന്യൂനത പരിഹരിച്ച് വീണ്ടും പ്രവർത്തന ക്ഷമമാക്കുകയുമാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രഥമ കർത്തവ്യം. |
| (ബി) അളവു തൂക്കങ്ങൾ സംബന്ധിച്ച ഉപഭോക്താക്കളുടെ അവകാശങ്ങൾ ബോധവൽക്കരിക്കാൻ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് എന്നറിയിക്കുമോ; | (ബി)അളവു തൂക്ക ഉപകരണങ്ങൾ സംബന്ധിച്ചും അവ ഉപയോഗിക്കുന്നതിലെ അപാകതകളെ സംബന്ധിച്ചും അതുവഴി ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്നതിനുള്ള സാദ്ധ്യതകളെ സംബന്ധിച്ചും ഉപഭോക്താക്കൾക്ക് അവ ബോധം സൃഷ്ടിക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പഞ്ചായത്ത്, താലൂക്ക്, ജില്ലാ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പി ക്കാറുണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചും, പത്രം, റേഡിയോ, ടെലിവിഷൻ, മാസികകൾ എന്നിവയി ലൂടെയും അളവു തൂക്ക നിയമങ്ങളെ സംബന്ധിച്ചും അവയുടെ ലംഘനം എപ്രകാരം ഉപഭോക്താവിനെ ബാധിക്കുന്നു വെന്നും അതിനുള്ള പരിഹാരം എങ്ങനെ സാദ്ധ്യമാക്കുമെന്നും ഉള്ള വിവരങ്ങൾ ഉപഭോക്താക്കൾക്ക് നൽകി വരുന്നുണ്ട്. |

| | |
|---|---|
| (സി)പായ്ക്കറ്റുകളിലാക്കി സൂപ്പർമാർക്കറ്റുകളിൽ വിൽപ്പനക്ക വച്ച സാധനങ്ങൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾ അളവിൽ വഞ്ചിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കുമോ? | (സി)പായ്ക്കറ്റുകളിലാക്കി സാധനങ്ങൾ വിൽക്കുന്നതിന് പായ്ക്കർ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. പായ്ക്കറ്റിന് മുകളിൽ പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് പ്രകാരമുള്ള പ്രഖ്യാപനങ്ങളായ നിർമ്മാതാവ്/പായ്ക്കർ/ മൊത്തവിൽപ്പനക്കാർ/ചില്ലറ വിൽപ്പനക്കാർ/ഇറക്കുമതി ചെയ്യുന്നവർ എന്നിവരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവയും, നെറ്റ് കണ്ടന്റ്, എം.ആർ.പി, പായ്ക്ക് ചെയ്ത തീയതി, എക്സ്പയറി ഡേറ്റ്, എണ്ണം എന്നിവയും വ്യക്തമായി രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം അല്ലാത്ത പായ്ക്കറ്റുകൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ